


GHSS KADAYIRUPPU

# G H S S KADAYIRUPPU




**ഞങ്ങളെ ഞങ്ങളാക്കിയ ഞങ്ങളുടെ സരസ്വതി ക്ഷേത്രം.**



“തിര” നോട്ടം
MEDIA VILLAGE TV

Your children are not your children.

They are the sons and daughters of life's longing for itself
They come through you but not from you,
And though they are with you yet they belong not to you.
You may give them your love but not your thought,
For they have their own thoughts.
You may house their bodies but not their souls,
For their souls dwell in the house of tomorrow,
which you cannot visit, not even in your dreams.
You may strive to be like them, but seek not to make them like you.

– K A H L I L   G I B R A N




മനുഷ്യൻ വിമോചനം സാധ്യമാകുന്നത് ശരിയായ
വിദ്യാഭ്യാസത്തിലൂടെയാണ്.

പൗലോ ഫ്രയർ

little KITEs G H S S KADAYIRUPPU


# ആദരാഞ്ജലികൾ



2018 നവംബർ 16 ന് അകാലത്തിൽ നമ്മെ വിട്ട് പോയ നമ്മുടെ ഗുരുശ്രേഷ്ഠൻ ജേക്കബ് സാറിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു. വിസ്മയാകരവും അനിർവചനീയവുമായ സർഗ്ഗശേഷിയുടെ ഉടമയായ ജേക്കബ് സാർ കടയിരുപ്പ് സ്കൂളിന്റെ തീരാനഷ്ടമാണ്.ജീവിതത്തിന്റെ കർമ്മ മണ്ഡലങ്ങളിൽ അദ്ദേഹം ആടി തീർത്തവേഷങ്ങൾ ഇന്നും നമ്മളിൽ അതിശയം ഉളവാക്കുന്നതാണ്.അധ്യാപകനെന്നതിലുപരി,ഒരുശാസ്ത്രജ്ഞനും,കലാകാരനും കർഷകനുമായിരുന്നു.നമ്മുടെ ലൈബ്രറിയിലെ ഓരോപുസ്തകവും അദ്ദേഹത്തിന്റെ കൈയ്യൊപ്പ് പതിഞ്ഞവയാണ്.ശാന്തനായ അധ്യാപകനെങ്കിലും അറിവിന്റെ മേഖലയിൽ ഗർജിക്കുന്ന ഒരു സിംഹമായിരുന്നു.

പ്രിയപ്പെട്ട ജേക്കബ് സാറിന് കണ്ണീർ കൊണ്ടുള്ള ഹാരമണിയിച്ചുകൊണ്ട്...............

**GHSS Kadayiruppu Family**



I have great pleasure to known that the students of Little Kite unit of our school bringing out a digital Magazine.

It is also a matter of great pride that our school has introduces "High Tech class rooms" for the students of STD 5 to STD 10.

I congratulate the education board on its tireless effort in bringing out this publication of digital Magazine. This is a platform for you to reflect your vibrant talented in a relative way.

Ushakumari
Headmistress

USHAKUMARI G

little KITEs G H S S KADAYIRUPPU

# സന്ദേശം



**കേ**രളസർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി രുപീകൃതമായ ലിറ്റിൽ കൈറ്റ് യൂണിറ്റ് തങ്ങളുടെ പ്രവർത്തനങ്ങളെ ക്രോഡീകരിച്ച് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു. വിദ്യാലയാന്തരീക്ഷത്തിൽ സാങ്കേതികവിദ്യ ഒഴിച്ചുകൂടാനാവാത്തതാണെന്ന തിരിച്ചറിവ് വളർത്തുന്നതിനും കുട്ടികളുടെ ക്രിയാത്മകമായ കഴിവുകൾ വെളിപ്പെടുത്തുകയും അവരുടെ ഒത്തൊരുമയും സർഗ്ഗാത്മകതയും കംപ്യൂട്ടിങ്ങ് പരിജ്ഞാനവും ഈ മാഗസിൻ പൂർണ്ണമാക്കുന്നതിന് സാധിക്കുന്നു. ഇതിന് നേതൃത്വം കൊടുത്ത അധ്യാപകർക്കും, മാഗസിനിൽ പ്രവർത്തിച്ച കുട്ടികൾക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസ നേരുന്നു.

**M.A Paulose**
**(PTA President)**

Little KITEs G H S S KADAYIRUPPU

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ :

**ഐസക്ക് ബേബി, 9F**

സബ് എഡിറ്റർ:

**ദിയ ചെറുകുന്നത്ത് ,9A**

അംഗങ്ങൾ :

**ഹരിനന്ദൻ പി ശ്യാം**
**ജോയൽ തോമസ്**
**അലീന പോൾ**
**ആൻമരിയ**



Editor's page,

പൊതുവിദ്യാഭാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ ഭൗതികതലത്തിലും അക്കദമിക തലത്തിലും വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച വർഷമാണ് 2018 കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ഹൈടെക്കിലേക്ക് കുട്ടികൾ കേട്ടറിവിൽ നിന്ന് കാഴ്ചയാകുന്ന വലിയ അറിവിന്റെ ലോകത്തിലേക്ക് കടക്കുകയാണ് വിദ്യാലയത്തിന്റെ നടന്ന തനതായ നിരവധി പ്രവർത്തങ്ങളിലൂടെ കുട്ടികൾ അറിവിന്റെ നിർമ്മാണപ്രക്രിയയിൽ പങ്കാളികാളാകുന്നു കുട്ടികളുടെ I T കൂട്ടായ്മ Little Kites ഏറ്റെടുത്ത തനത് പ്രവർത്തനമാണ് Digital magazine. തുടക്കത്തിൽ വളരെ എളുപ്പമാണന്ന് കരുതി, യാത്ര തുടങ്ങിയപ്പോൾ മനസിലായി ,കയറ്റം വിചാരിക്കുന്നതു പോലെ എളുപ്പമല്ലെന്ന്.അതിന്റെ പിറവിക്ക് സഹായിച്ച എല്ലാ കുട്ടികളോടും ടിച്ചേഴ്സിനോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.



എഡിറ്റർ

# ചരിത്ര താളുകളിലൂടെ വിദ്യാലയം

1949 -ൽ നെച്ചുപ്പാടത്ത് ശ്രീ.തോമ ഔസേപ്പ് സൗജന്യമായി നൽകിയ 1.24 ഏക്കർ സ്ഥലത്താണ് വിദ്യാലയം സ്ഥാപിതമായത്. അപ്പർപ്രൈമറി സ്കൂളിൽ ആരംഭിച്ച ഈ വിദ്യാലയം 1986-ൽ മുൻമന്ത്രി ഹാജി ടി.എച്ച്. മുസ്തഫയുടെ ശ്രമഫലമായി ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുകയും 1986-ൽ ഹയർസെക്കണ്ടറി സ്കൂൾ ആയി ഉയർത്തപ്പെടുകയും ചെയ്തു. വിദ്യാലയത്തിന്റെ പ്രഥമ ഹെഡ്മാസ്റ്റർ ശ്രീ . കുരുവിളയാണ് ഹൈസ്കൂളായപ്പോൾ ശ്രീ .പി. വി തോമസ് ഹെഡ് മാസ്റ്ററുടെ ചുമതല നിർവഹിച്ചു. ഹയർസെക്കണ്ടറിയായി ഉയർത്തപ്പെട്ടപ്പോൾ ശ്രീമതി. ആനി കുര്യൻ പ്രഥമ പ്രിൻസിപ്പാളായി സേവനമനുഷ്ഠിച്ചു.

വിദ്യാലയം ഹൈസ്കൂളായി ഉയർത്തുന്നതിന് നേതൃത്വം നൽകിയവരിൽ സ്കൂൾ വെൽഫെയർ കമ്മറ്റി ചെയർമാൻ ശ്രീ. സി .വി. ജേക്കബ് പഞ്ചായത്ത് വൈസ് പ്രസിഡന്റായിരുന്ന ശ്രീ. എൻ. പി. കോര, മുൻ പ്രിൻസിപ്പാൾ ശ്രീ. എൻ. വി . യാക്കോബ് എന്നിവരുടെ പങ്ക് നിർണ്ണായകമായിരുന്നു.ശ്രീ.കെ. പി. ഐപ്പ്, ശ്രീ. കെ. ഇ . അവറാച്ചൻ, ശ്രീ. രാധാകൃഷ്ണൻ എന്നിവർ നിർണായക പങ്ക് വഹിച്ചു. കെട്ടിട നിർമാണത്തിനു വേണ്ടി ലഭ്യമാക്കുന്നതിന് പാർലമെന്റംഗം ശ്രീ. പി . സി .തോമസ് എം .പി, ജില്ലാ കളക്ടറായിരുന്ന ശ്രീ. വി. പി ജോയ് ഐ.എ.എസ്., എറണാകുളം ജില്ലാ പഞ്ചായത്ത് എന്നിവരുടെ നേതൃത്വം ഏറെ സഹായികരമായിട്ടുണ്ട്. ശ്രീ. വി. പി സജീന്ദ്രൻ എം. എൽ. എ., മുൻ എം .പി ശ്രീ. കെ. പി. ധനപാലൻ, ശ്രീ .സിപ്പി നാരായണൻ എം.പി , അഡ്വ . എൽദോസ് കുന്നപ്പിള്ളി എന്നിവരുടെ സംഭാവനകൾ വിദ്യാലയത്തിന്റെ പുരോഗതിക്ക് ഏറെ സഹായിച്ചു.

എസ്.എസ്.എൽസി,+2 പരീക്ഷകളിൽ മികച്ചവിജയം നേടി മുന്നേറാൻ ഈ വിദ്യാലയത്തിന് സാധിക്കുന്നു. വിദ്യാർത്ഥികളുടെ കഠിന പരിശ്രമവും അധ്യാപകരുടെ അർപ്പണബോധവും രക്ഷിതാക്കളുടെ പ്രോൽസാഹനവുമാണ് ഈ വിജയത്തിന് പിന്നിലെ ചാലക ശക്തി.

# അറിവിന്റെ അനന്തതയിലേക്ക്.........



# ഉൾത്താളുകളിലൂടെ



- ഉമ്മാച്ചു
- ജീവിതത്തിന്റെ ഉള്ളടക്കം
- കുട്ടുകാരി
- ആട് ജീവിതം
- വിശ്വമഹാകവി കാളിദാസൻ
- ഞാൻ കണ്ട ചാക്യാർ കൂത്ത്
- കാർഷിക ക്ലബ്ബ്
- ദർപ്പണം
- ഹരിതവർണ്ണങ്ങൾ
- Kerala that we should know
- NATURE
- തരുമോ ഞങ്ങൾക്ക് ആ പഴയ ഭൂമി
- ജീവന്റെ ഉറവിടം
- ഖദറിനെ സ്നേഹിച്ച ചെങ്കൊടിക്കാരി
- RED RIBBON CLUB
- FRENZY TERNE...
- ENGLISH FEST
- ഗണിത ക്ലബ്
- ENERGY SAVING CLUB
- GLOBAL WARMING
- ലിറ്റിൽ കൈറ്റ്സ്
- അമ്മ കണ്ണീർ മഴയിൽ
- STUDY TOUR
- സ്നേഹക്കൂട്ടം
- Who are your parents?
- Math trick
- സയൻസ് ക്ലബ്
- സോഷ്യൽ സയൻസ് ക്ലബ്
- വാർഷിക ആഘോഷം നിറവിൽ വിദ്യാലയം
- കൊയ്ത്തുകാരൻ


Little KITES G H S S KADAYIRUPPU

# ഉമ്മാച്ചു

**ഉറൂബ്**

ഉറൂബ് എന്ന തൂലികനാമത്തിലറിയപ്പടുന്ന പി.സി കുട്ടിക്രഷ്ണൻ ഏറ്റവും പ്രശസ്തമായ നോവലുകളിലൊന്നാണ് ഉമ്മാച്ചു. ഹ്രദയസ്പർശിയായ പ്രേമകഥയാണ് ഉമ്മാച്ചു. ഉമ്മാച്ചു , ബീരാൻ ,മായൻ എന്നിവരാണ് നോവലിലെ പ്രധാനകഥാപാത്രങ്ങളാണ്. മൂന്നപേരും കളിക്കൂട്ടുകാരാണ് .മായൻ ഉമ്മാച്ചുവിനെയും




ഉമ്മാച്ചു മായനെയും ഗാഢമായി സ്നേഹിച്ചു .സാധാരണ ഗതിയിൽ അവർ തമ്മിലുള്ള വിവാഹം നടക്കമായിരുന്നു. പക്ഷെ ബീരാനും ഉമ്മാച്ചുവിനോട് സ്നേഹം തോന്നി .ധനികന്റെ മകനായ ബീരാൻ അത്തറാലിയുടെ മകളെ വിവാഹം കഴിച്ചാൽ വിട്ടിൽ നിന്ന് എതിർപ്പുണ്ടാകും, അതുകൊണ്ട് ബീരാൻ പണം നൽകി അഹമ്മദുണ്ണി എന്ന ചരിത്രകാരനെകൊണ്ട് ഉമ്മാച്ചുവിൻെറ സമ്മതപകാരമല്ലാതെ ബീരാൻ ഉമ്മാച്ചുവിനെ വിവാഹം കഴിച്ചു.അഹമ്മദുണ്ണിയോട് അടങ്ങാത്ത പക തോന്നിയ മായൻ അയാളെ തന്റെ ദേഷ്യം തീരുന്നത് വരെ തല്ലി ചതച്ചു. അഹമ്മദുണ്ണി മരിച്ചെന്ന് കരുതിയ മായൻ വയനാട്ടിലേക്ക് നാടുവിട്ടു.കുറെ വർഷങ്ങൾ കഴിഞ്ഞു . വയനാട്ടിൽ ഹാജിയാരുടെ കീഴിൽ ജോലിചെയ്യ്തും,കള്ളകടത്തുനടത്തിയും ജിവിച്ചുപോന്ന മായന്റെ അടുത്തേക്ക് അഹമ്മദുണ്ണിയുടെ മകൻ ഹസ്സൻ ചെന്നു . ഹസ്സനിൽ നിന്നും അഹമ്മദുണ്ണി മരിച്ചില്ല എന്ന സത്യം മായൻ അറിഞ്ഞു .ആ നിലയ്ക്ക് മായൻ കൊലയാളിയുമല്ല , ഒളിച്ചും താമസിക്കേണ്ട കാര്യവുമില്ലാ എന്ന് മായന് മനസ്സിലായി. ഒരിക്കൽ മായന്റെ മനസ്സിൽ ഒളിഞ്ഞു കിടന്ന പ്രതികാരബുദ്ധി തലപൊക്കി. ഉമ്മാച്ചുവിന്റെ വീട്ടിൽകയറി മായൻ ബീരാനെ കൊന്നു. ആ കൊലയ്ക്ക് രണ്ട് സാക്ഷികാളെ ഉണ്ടായിരുന്നുള്ളു . ഒന്ന് ഉമ്മാച്ചു , ബീരാന് ഉമ്മാച്ചുവിൽ പിന്നെ ആറുവയസ്സുകാരനായ അബ്ദുവും പക്ഷെ ബീരാന്റ വധത്തിന്റെ കുറ്റം നിരപരാധിയായ ചോഴിയിൽ

ആരോപിക്കപെട്ടു.അയാളെ കോടതി ശിക്ഷിക്കുകയും ചെയ്യതു.ബീരാന്റെ മരണത്തിന് ശേഷം ഉമ്മാച്ചുവിനെ ബന്ധുക്കളും പരിചയക്കാരും മറ്റൊരു വിവഹത്തിന് നിർബന്ധിച്ചു . മായൻ ഉമ്മാച്ചുവിനെ വിവാഹം കഴിച്ചു . കാലം കടന്ന് പോയി ഉമ്മാച്ചുവിന് ബിരാനിൽ നിന്ന് രണ്ട് ആണ്ക്കുട്ടികൾ ഉണ്ടായി . ഹൈദ്രാസും , മരക്കാറും കുറെ കാലത്തേക്ക് എല്ലാം ഭംഗിയായി നടന്നു

പക്ഷേ,അബ്ദു യൗവ്വനത്തിൽ കാലുകുത്തിയതോടെ അവന്റെ ചിന്തകാളും സംസാരശൈലിയും എല്ലാം മാറാൻ തുടങ്ങി തന്റെ ബാബയെ കൊന്നയാളെ വിവാഹം ചെയ്ത ഉമ്മയോട് അയാൾക്ക് അടാങ്ങാത്ത എതിർത്ത് സംസാരിച്ചു . അതിൽ മനംനൊന്ത് വീടുവിട്ട് വയന്ട്ടിലേക്കേ് പോയമായൻ അവിടെ വെച്ച് ആത്മഹത്യ ചെയ്തു. ഇതോടെ ഉമ്മാച്ചുവിന്റെ ജീവനം പാതിതീർന്നമട്ടിലായി. ഇതോടെ സ്വത്തുക്കൾ എല്ലാം ഭാഗം വെയ്ക്കാൻ ഉമ്മാച്ചു തീരുമാനിച്ചു സ്വത്തുക്കൾ വീതം വെച്ച് ഉമ്മാച്ചു മുത്തമകനായ അബ്ദുവിനോടോപ്പം താമസിക്കുന്നു തുടർന്നു നടന്ന ഇലക്ഷനിൽ ഹൈദ്രോസും അബ്ദു എതിർ സ്ഥാനാർത്തികളായി മത്സരിച്ചെങ്കിലും ഹൈദ്രോസ് വിജയിക്കുന്നു എങ്കിലും തോൽവിയിൽ ഒട്ടും വേദനിക്കേണ്ട ആവശ്യം അബ്ദുവിന് വന്നില്ലാ . കാരണം, ഉമ്മാച്ചുവിന്റെ വീട്ടിൽ കാര്യസ്ഥനായിരുന്നു. ചപ്പുണ്ണ്യാരുടെ മകൾ ചിനാമ്മുവിനെ അബ്ദുവിവാഹം ചെയ്തിരുന്നു.

"ഉമ്മാച്ചു"എന്ന നോവൽ സാധരണ മനുഷ്യജീവിചെറിയ ചെറിയ തെറ്റുകുറ്റങ്ങളെല്ലാം ഉണ്ടെങ്കിലും അടിസ്ഥാനപരമായി മനുഷ്യൻ നല്ലവനാണെന്ന് നോവലിലെ കഥാപാത്രുങ്ങൾ തെളിയിക്കുന്നു

a



# ജീവിതത്തിന്റെ ഉള്ളടക്കം

അമൽ രാജു 7 A

ഒരു നല്ല ഗ്രാമം .അവിടെ നല്ല പൂമ്പാറ്റകളും പൂക്കളും പക്ഷികളും ചെടികളും എല്ലാം ഉണ്ടായിരുന്നു .ശാന്തമായ അന്തരീക്ഷം. ഏതൊരാളെയും മനം മയക്കുന്ന കാഴ്ച പറുദീസക്കു പറ്റിയ സ്ഥലം .അവിടത്തെ മനുഷ്യർ ലളിതമായ ജീവിതം നയിച്ചവരായിരുന്നു.പ്രകൃതിയെ സ്നേഹിക്കുന്നവരായിരുന്നു.

അവിടെ എല്ലാവരും ഒരു ദിവസം രണ്ടു ചെടിയെങ്കിലും നടുമായിരുന്നു.പ്ലാസ്റ്റിക് കൊണ്ട് അവർനാടിനെ ഒരിക്കലുംമലിനമാക്കുകയില്ല. ഒരിക്കൽ അവിടെ നഗരത്തിൽ നിന്നും ഒരു കുടുംബം വന്നു.രണ്ടു കുട്ടികളും മാതാപിതാക്കളും. അങ്ങനെ അവർ അവിടെ താമസിക്കുവാൻ തുടങ്ങി. ജെഫ്റ്റിസ്,രഫ്റ്റിസ് എന്നായിരുന്നു ആ കുട്ടികളുടെ പേര്.അവർക്ക് അവിടെ ചുറ്റും കാണാൻ വളരെ ഇഷ്ടപ്പെട്ടു. പക്ഷെ എങ്ങനെ ഇത്രയും നല്ല പ്രകൃതി അവിടെയുണ്ടായിതെങ്ങനെ

എന്നവർക്കറിയില്ലായിരുന്നു.അവർ നഗരത്തിലെ ജീവിതം പോലെ തന്നെ ഇവിടെയും ജീവിതം തുടർന്നു

വറപൊരിയുള്ള സാധനങ്ങളുടെ പ്ലാസ്റ്റിക് കവറുകൾ

അവർ അവിടെ നിക്ഷേപിച്ചു.അങ്ങനെ ഇരിക്കെ പുതിയ താമസക്കാർക്ക്

അവിടെ നല്ല വിട് പണിയണമെന്ന് തോന്നി അവർ അവിടത്തെ പാവങ്ങൾക്ക്



പണം നൽക്കി പറ്റിച്ചു സ്ഥലം വാങ്ങി,ഏക്കറുകണക്കിന്.അവർ പ്രകൃതിയെ നശിപ്പിച്ച് ഒരു കൊട്ടാരം തന്നെ പണിഉയുർത്തി തുടങ്ങി .അതു കണ്ടു നിന്ന ഗ്രാമവാസികൾക്ക് ഒന്നും പ്രതികരിക്കാനായില്ല. ജീവനും തുല്യ്യം സ്നേഹിച്ച പ്രകൃതിയെ നശിപ്പിക്കാൻ നോക്കിയ അവരോട് തീ പോല ജ്വലിച്ചു.വർണ്ണങ്ങൾ

കൊണ്ട് നിറഞ്ഞ അവരുടെ ജീവിതം നടുക്കടലിലായി.നഗരത്തിൽ നിന്ന് വന്നകുടുംബം അങ്ങനെഎല്ലാംവെട്ടിപ്പടർത്തുവാൻ തുടങ്ങി.അവിടെത്തെ പ്രകൃതി നശിച്ചു തുടങ്ങി.ക്ഷുഭിതരായ ഗ്രാമവാസികൾക്ക് കുടിലിനു പകരം നല്ല കെട്ടിടം പണിത്തു തരാമെന്ന് ആ നഗരത്തിലെ മനുഷ്യർ പറഞ്ഞു.

അടുത്ത മരം അവർ വെട്ടുവാൻ തുടങ്ങി അപ്പോൾ ആ

മരംസംസാരിച്ചു.മരത്തിന്റെ കണ്ണിൽ നിന്ന് കണ്ണുനീരൊഴുകി.അത് സംസാരിക്കാൻ തുടങ്ങി.”ഞങ്ങൾ നിങ്ങൾക്കെന്ത് ദ്രോഹം ചെയ്തു.ഇവിടെ
ജീവിക്കുന്നവർക്ക് ഞങ്ങൾ ആഹാരം നൽകി.ആവശ്യമുള്ളതെല്ലാം നൽകി.എന്നിട്ടുംഞങ്ങളോട് ദ്രോഹം ചെയ്തുവോ .നിങ്ങൾ ഒരു കാലത്ത്
ഞങ്ങളെ ഓർത്ത് ദുഃഖിക്കും."ഇതുകേട്ട് പുതിയ താമസക്കാർ ആകെ പരിഭ്രാന്തരായി.അവർ മരത്തിന്റെ സംസാരത്തെ കുറിച്ച് അയൽവക്കരോട് പറഞ്ഞു.ഇതുകേട്ട്അവർ പറഞ്ഞു"ഞങ്ങൾ പണ്ടേ തൊട്ടിവിടെ താമസിക്കുന്നവരാണ്.ഞങ്ങൾക്ക്പ്രക്രുതിയുടെ ദുഃഖവും വേദനയും അറിയാം.മിത്രങ്ങളാണ് ഞങ്ങളും പ്രക്രുതിയും. ഇന്ന് നിങ്ങൾ കണ്ടത് സ്വപ്നമല്ല അത് സത്യമാണ്.നിങ്ങൾ ചെയ്യുന്ന ദ്രോഹത്തിന് അവർ തന്നെ നിങ്ങളോട് പ്രതികരിക്കുന്നു.”ഇത്രയും പറഞ്ഞുകൊണ്ട് അയൽവാസി പോയി.ഇതൊന്നും അവർ കാര്യമായെടുത്തില്ല.

അടുത്ത ദിവസം തന്നെ പുതിയ താമസക്കാരുടെ വീട്ടിൽ ഒരനുഭവമുണ്ടായി.അവരുടെ മകൻ ജെഫ്റ്റിന് കഠിനമായപനി .അവർ മരുന്നു തേടി



അടുത്തുള്ള വൈദ്യരുടെ അടുത്തു ചെന്നു.അയാൾ പറഞ്ഞു"ഈ അസുഖത്തിനുള്ള മരുന്ന് ഇവിടെ ഉണ്ടായിരുന്നു. പക്ഷെ നിങ്ങൾ ഇല്ലാതാക്കി. നിങ്ങൾ മരങ്ങൾ നശിപ്പിച്ചു, ഔഷധസസ്യങ്ങൾ വെട്ടിക്കളഞ്ഞു അങ്ങനെ ഇവിടെ ഇപ്പോൾ ഒന്നും ഇല്ല.മരുന്നായി തരാൻ ഒന്നുമില്ല.”അവർക്കപ്പോൾ മനസ്സിലായി പ്രക്രുതിയുടെ മൂല്യം എന്തെന്ന്. അവർ വീട്ടിലേക്ക് മടങ്ങി

അപ്പോൾ തന്നെ കാർമേഘങ്ങൾക്കിടയിലൂടെ മിന്നലും ഇടിയും പ്രത്യക്ഷപ്പെട്ടു. അതിനോടൊപ്പം തന്നെ ശക്തമായ മഴയും.പ്രക്രുതിയെ നശിപ്പിച്ചതുകൊണ്ട് ആ മഴയെ തടുക്കാൻ വ്യക്ഷങ്ങളുംഉണ്ടായിരുന്നില്ല. മഴ ശക്തമായി ,അവിടെ വെള്ളപ്പൊക്കം ഉണ്ടായി,ആ പ്രദേശത്തുള്ളതെല്ലാം നശിച്ചുപോയി. അപ്പോൾ കൂരിരുട്ടിൽ നിന്ന് ഒരു ശബ്ദം കേട്ടു "ഞങ്ങളില്ലെങ്കിൽ
നിങ്ങളില്ല" അത് പ്രക്രുതിയായിരുന്നു

# കൂട്ടുകാരി

അനീവ് 10 B


**വ**യൽവാരം എന്ന കൊച്ചുഗ്രാമത്തിൽ താമസിച്ചിരുന്ന ഒരു കുടുംബമായിരുന്നു രാജേഷിന്റേത്.വയലുകളും പുഴകളും തേനരുവികളും നിറഞ്ഞ വിഭവസമൃദ്ധമായ ആനാട് അവിടത്തെ കർഷകരുടെ മാത്രം സമ്പാദ്യമായിരുന്നു.

രാവിലെ തന്നെ കുളികഴിഞ്ഞ് പാടവരമ്പത്തേക്കിറങ്ങുന്നത് രാജേഷിന്റേയും അച്ഛൻ വിശ്വംഭരന്റേയും പതിവായിരുന്നു.അതുകൊണ്ടുതന്നെ അവർ തമ്മിൽ എന്നും ആ സ്നേഹബന്ധം നിറഞ്ഞിരുന്നു.പാടവരമ്പത്തു പണിയെടുക്കുന്ന കർഷകനാവശ്യമായ ഭക്ഷണവും അവൻ ഉറങ്ങുമ്പോൾ കാറ്റും നൽകിയിരുന്നു.ഒരിക്കൽ പതിവുപോലെ രണ്ടുപേരും പാടവരമ്പത്തിറങ്ങിയപ്പോൾ കുറച്ച് അപരിചിതർ അവിടെ നിൽക്കുന്നു. അവരോടേ് കാര്യം തിരക്കി.അപ്പോഴാണ് അവർ അറിഞ്ഞത് തങ്ങളുടെ സ്ഥലം ഏതോ വിഷപാനീയങ്ങളുടെ ഉടമയുടെ കഴുകൻ കണ്ണുകൾ പതിച്ചതാണെന്ന്.

ശുദ്ധജലവും അതിലേറെ വയലുകളും ഉള്ള ആ നാട്ടിൽ ഇങ്ങനെയുള്ള ഒരു ഫാക്ടറി വന്നാലുള്ള ദൂഷ്യം മനസ്സിലാക്കി. ഒരു ദിവസം രാത്രി അത്താഴം കഴിക്കാനിരുന്നപ്പോൾ ഒരു ഭീകരശബ്ദത്തോടെ കാർ അവരുടെ മുന്നിലേക്ക് പാഞ്ഞെത്തി.അതിൽ നിന്ന് ആറ് അടി പൊക്കത്തിൽ ചുമന്ന കണ്ണും ചെമ്പൻ മുടിയുമുള്ള ഒരു മനുഷ്യൻ പുറത്തേക്കിറങ്ങി.അയാൾ രാജേഷിന്റെ അടുത്തു ചെന്നു പറഞ്ഞു,"ഞാൻ ജോൺസൺ,ആൾ കേരള കോളഫാക്ടറീസിന്റെ ഉടമ"ഒരു പരിചയപ്പെടുത്തലോടെ അയാൾ പറഞ്ഞു."എനിക്ക് നിങ്ങളുടെ സ്ഥലം ഇഷ്ടമായി,എനിക്ക് വിട്ടുതരണം.പറയുന്ന പണം ഞാൻ തരാം."രാജേഷും അച്ഛനും മുഖാമുഖം നോക്കി അതിനുശേഷം പറഞ്ഞു ഇത് ഞങ്ങൾ വിട്ടുതരില്ല.കാരണം ഇതാണ് ഞങ്ങളുടെ ഏക അന്നമാർഗം പോരാതെ ഈ ഫാക്ടറി ഇവിടെ വന്നാൽ അത് ഈ നാടിനെ ബാധിക്കും.ജോണി ഇതിനെല്ലാം അവഗണിച്ചു "ഇതൊന്നും എന്റെ കാര്യമല്ല.എനിക്ക് ഈസ്ഥലം കിട്ടണം നിങ്ങൾ തന്നില്ലെങ്കിൽ എന്റെ വഴിക്ക് ഞീൻ നീങ്ങും."അങ്ങനെ കാലതാമസമില്ലാതെ അയാൾ ആനിലം സ്വാധീനകൊണ്ട് പിടിച്ചെടുത്തു.ഫാക്ടറി പണിയുകയും ചെയ്തു.ഇതിനെ തുടർന്ന് വർഷങ്ങൾക്കകം പുഴകളും തേനരുവികളും മലിനമായി. കർഷകന്റെ മണ്ണിൽ പൊന്ന് വിളയാതായി. കിട്ടുന്ന ധാന്യങ്ങളിൽവിഷം കണ്ടു തുടങ്ങി.കുടിക്കുന്ന വെള്ളത്തിൽ പോലും ആയി. ഒന്നിനും പ്രതികരിക്കാൻ പറ്റാതെ ആ നാട്ടുകാർ വലഞ്ഞു.തന്റെ കൂട്ടുകാരിയായ പ്രകൃതിയെ പൂർണ്ണമായും കാർന്ന് തിന്നുവെന്ന് രാജേഷ് മനസ്സിലാക്കി.ഉതുപോലെ പലയിടങ്ങളിലും നടക്കുന്നുണ്ടെന്ന് അവൻ അറിഞ്ഞു. ഒരു ദിവസം രാവിലെ രാജേഷ്എണിറ്റ് നോക്കിയപ്പോൾ തന്റെ അച്ഛനടക്കം അനേകം പേർ മരിച്ച് കിടക്കുന്നു. രാവിലെ എടുത്ത വെള്ളത്തിൽ വിഷാംശം കലർന്നതായി അവൻ കണ്ടെ

ഏകനായി എന്ന കാര്യം അവനു മനസ്സിലായി.

പ്രകൃതി ചൂഷണത്തിന്റെ അകമ്പടിയായി കടലിൽ നിന്ന് ചെറിയരു തിരമാല ഉയർന്നു. അത് വലുതായി വലുതായി പ്രകൃതിയുടെ ചോരപ്പുഴയായി നാടെങ്ങും വീഴുങ്ങിയെടുത്തു.പടുത്തുയർത്തിയ സാമ്രാജ്യങ്ങൾ ഒന്നൊന്നായി വീണു. എല്ലാത്തിനുശേഷം ജീവനോടെ കണ്ടെത്തിയ രാജേഷിനെ പോലിസുകാർ ആശ്വാസക്യാമ്പിൽ എത്തിച്ചു. അപ്പോൾ തണുത്ത കാറ്റ് അവന്റെ മുഖത്തേക്ക് വീശി. തന്റെ കൂട്ടുകാരി ഇപ്പോളും ജീവിച്ചിരിപ്പുണ്ടെന്ന് അവൻ മനസ്സിലാക്കി.



*We all need people who give us feed back thats how we improve.*

**- Bill Gates**

# ആടു ജീവിതം

**ആസ്വാദന കുറിപ്പ്**

ദിയ 9 A



**ബെ**ന്യാമിൻ എഴുതിയ നോവലാണ് ആടുജീവിതം. വലിയ സ്വപ്നങ്ങളുമായി സൗദി അറേബ്യയിൽ ജോലിക്കായി പോയി വഞ്ചിക്കപ്പെട്ട്.മാത്രുഭൂമിയിലെ ഒരു ആടുവളർത്തൽ കേന്ദ്രത്തിലെ ദാരുണ സാഹചര്യങ്ങളിൽ മൂന്നിലേറെ വർഷം അടിമപ്പണിചെയ്യേണ്ടി വന്ന നജീബ് എന്ന മലയാളി യുവാവിന്റെ കഥയാണ് 'ആടു ജീവിതം' നിയമാനുസ്രദമുള്ള തന്റെ അറബാബയായി കരുതി നജീബ് സഹിച്ച മനുഷ്യയാഥാർത്ഥത്തിൽ അവന്റെ അർബാബായിരുന്നില്ല എന്ന നോവലിന്റെ അവസാന ഭാഗത്തെ തിരിച്ചറിയൽ നോവലിന് ദാർശനികമായ ആഴം നൽകുന്നതിനായി ജീവിച്ചിരിക്കുന്ന വ്യക്തിയുടെ അനുഭവങ്ങളെ ആധാരമാക്കിയുള്ളതെങ്കിലും ആടുജീവിതം വെറുമൊരു ജീവിതകഥയല്ല ഈ നോവലിൽ ജീവിതം തന്നെ കാണുകയായിരുന്നനാട്ടിലെ കഷ്ടപ്പാടുകൾ സഹിക്കവയ്യാതെ സൗദിയിലേക്ക പറന്നു. കൂടെ അയൽക്കാരനും.എയർപ്പോട്ടിൽ എത്തിയിട്ടും അർബാബിനെ കണ്ടില്ല. ശേഷം ഒരാൾ വന്ന് അവരെ കൂട്ടിക്കൊണ്ട് പോയി. അയാളുടെ ദേഹം ആകെ ദുർഗന്ധമായിരുന്നു.ദൈവദൂദതെ പോലെകണ്ടു ഏറെ നേരത്തെ ക്ഷിണം കാരണം നജീബ് ഒന്ന്ഉറങ്ങിപ്പോയി.റോഡുകൾതാണ്ടിഉൾപ്രദേങ്ങളിലേക്ക് അടുത്തു.കൂടെയുണ്ടായിരുന്നവനെ ഒരു അർബാബ് കൊണ്ടുപോയി.മയക്കം കാരണം നജീബ് അറിഞ്ഞില്ല .നജീബിനെ വേറെ സ്ഥലത്തും. കണ്ണു തുറന്നപ്പോൾ ചുറ്റും മരുപ്രദേശം എങ്ങും മണൽതരികൾ കൂടെ ഉണ്ടായിരുന്നവനെ കണ്ടില്ല.തനിക്ക് വലിയ കമ്പിനിയിലാണ് ജോലി എന്ന വിശ്വസിച്ചു.അടുത്തടുത്താണെന്നും കരുതി.അവർ നജീബിന് കൊടുത്തു.നജീബ് മാത്രമായിരുന്ന അവിടുത്തെ തൊഴിലാളി മറ്റൊരാളും ഉണ്ടായിരുന്നു. രാവിലെ എഴുന്നേറ്റപ്പോൾ അയാൾ ആടിനെ മേയ്ക്കുന്നു.രാവിലത്തെ ഭക്ഷണം കഴിച്ചു.ദാഹശമിനിക്കല്ലാതെ വെള്ളം ഉപയോഗിക്കാൻ പാടില്ലായിരുന്നു.ദിവസങ്ങൾ കഴിയുന്തോറും ജീവിതം മാറക്കൊണ്ടിരുന്നു.ഒരു ദിവസം മണൽ നീക്കി നോക്കിയപ്പോൾ കൂടെയുണ്ടായിരുന്ന മറ്റൊരു തൊഴിലാളിയുടെ മൃദദേഹം അവിടെ നിന്ന് രക്ഷപ്പെടാൻ നോക്കിയപ്പോൾ അർബാബ് അയാളെ വെടിവച്ച് കോന്നു ദിവസങ്ങൾ പെടിയോടെ കഴിച്ചു നീക്കി ആടിനെ മെയിച്ചു .ഇത്രയും പ്രശ്നങ്ങൾ ഉണ്ടായിട്ടും നജിബ് അയൽക്കാരനെയോർത്ത് വ്യാകുലനായിരുന്നു . അവൻ സുഖമായി കഴിയുകയായിരിക്കും എന്നോർത്തു ഉരിക്കരാത്രി മരുഭൂമിയി ഒരു മഴ പെയ്തു . താൻ എത്തിറപ്പട്ടതിന്



ശേഷം ആദ്യമായ് പെയ്ത മഴ . നജീബ് അത് വളരെ പേടിയായിരുന്നു . അന്ന് രാത്രി നജീബ് അയാളുടെ കൂടെ കഴിഞ്ഞു . അവർ തമ്മിൽ അടുക്കാൻ തുടങ്ങി . പലതവണ അവിടെ നിന്ന് രക്ഷപ്പെടാൻ നോക്കി പക്ഷെ ശ്രമം വിഭലമായി തീർന്നു .നജീബിന്റെ പീഡനങ്ങൾ അതിശയകരമായിരുന്നു.രക്ഷപ്പെട്ട് പോകില്ല എന്ന വിശ്വാസത്തോടുകൂടി അർബാബ് നജീബിനെ അവിടെയാക്കി സുഹൃത്തിന്റെ കല്യാണത്തിന് പോയി .ആ സമയം നോക്കി നജീബ് രക്ഷപ്പെട്ടു . എങ്ങും മണൽ തരികൾ മാത്രം .ആ സമയമാണ് അയൽവാസിയായ ഹക്കീമിനെ നജീബ് കാണുന്നത്.എല്ലാ സഹനങ്ങൾക്കും നജീബ് കണ്ടെത്തുന്ന അത്താണിയാണ് ജോബ്ബ് നജിബും ഹക്കീമും പോകുന്ന വഴി തെറ്റിപ്പോയി.തിരിച്ച് മണൽകാട്ടിൽ എത്തിപ്പെട്ടു.അവിടെ വെച്ചാണ് ജോബിനെ കാണുന്നത്.ദൈവദൂതനായി വന്നു.ഹക്കീമിന് വിശപ്പും ദാഹവും കൂടുതലായിരുന്നു.അത് സഹിക്കവയ്യാതെ അവൻ മണൽ ഭക്ഷിച്ച് മരിച്ചു.ശേഷം ഉള്ള പാതകൾ ഏറെ ദുർഘടം നിറഞ്ഞതായിരുന്നു.ഒത്തിരി കഷ്ടത അനുഭവിച്ച്.നടക്കവയ്യാതെയായപ്പോൾ ജോബ് നജീബിനെ താങ്ങി.കുരു തടാകം നിറയെ ജലം കണ്ടപ്പോൾ നജീബ് ദാഹം കൊണ്ട് ഓടി.എന്നാൽ ജോബ് തടഞ്ഞു.വെള്ളം ഓരോ തുള്ളിയായി നനച്ചു. ദിവസങ്ങൾ പിന്നിട്ടു.നടന്ന് നടന്ന് റോഡും ഗദാഗദവും ഉള്ള വഴിയിൽ എത്തിപ്പെട്ടു.അതിനു ശേഷം ഒരിക്കലും നജീബ് ജോബീനെ കണ്ടിട്ടില്ല. അയാൾ ഒരു ദൈവദൂദനായി കാണപ്പെട്ടു .നഗരത്തിലെ ആളുകൾ ഒരു വിക്രത ജീവിയെപോലെ കണ്ടു.തികച്ചും ഒരാട് മനുഷ്യൻ. നടുവളഞ്ഞ് നഖങ്ങൾ നീണ്ട് ദേഹം ദുർഗന്ധം വമിച്ച് ആളുകൾ കല്ലെറിഞ്ഞ് ഓടിച്ചു.അവിടെയുള്ള കുറച്ചുപേർ ആശ്വാസം നൽകി. ഇതുപോലെ വരുന്ന ആളുകളെ താമസിപ്പിക്കുവാനായി ഒരു സ്ഥലം ഉണ്ടായിരുന്നു.അവിടെ എത്തിപ്പെട്ടു.ഒരു സുഹ്രത്തിനെയും കിട്ടി.എല്ലാം കഴിഞ്ഞു എന്നോർത്തിരുന്നു.എന്നാൽ കഥാക്രത്ത് മറ്റൊരു വിസ്മയം തീർത്തു വായനക്കാരെ മുൾമുനയിൽ നിർത്തി. ഇതുപോലെ അർബാബിന്റെ കണ്ണു വെട്ടിച്ച് പോകുന്നവരെ തിരിച്ച് കൊണ്ടുവരാനായി എല്ലാവരെയും നിർത്തി ഓരോ അർബാബിനെയും കാണിക്കും . ദിനങ്ങൾ കൂടും തോറും നജിബും കൂട്ടുകാരനും സൗഹ്യദത്തിലായി . അങ്ങനെ ഒരു നാൾ അർബാബ് വന്നു . കൂട്ടുകാരനെ വലിച്ചിഴച്ചു കൊണ്ടു പോയി. സ്വർഗം നഗരമായി . കൂട്ടുകാരനെ നഷ്ടപ്പെട്ട നജിബ് രതിജീവനായി ഇനി തന്നെ തേടി അർബാബ് വരുമോ എന്ന് പേടിച്ചു. ആ ദിവസം വന്നു . എന്നാൽ അയാൾ നജീബിനെ പിടിച്ചു കൊണ്ട് പോയില്ലാ. നജീബ് കരുത് എത്ര സ്നേഹനിധിയാണ് . തന്റെ അർബാബ് എന്നാൽ അവന്റെ ചിന്തകൾ ആകെ തെറ്റി. തന്റെ സ്വന്തം അർബാബ് അയാൾ അല്ലായിരുന്നു. അവന്റെ ജോലി ആട് മേയ്ക്കലല്ലായിരുന്നു എല്ലാം തെളിഞ്ഞ് ഒരു പുതിയ ജീവിതം ആരംഭിച്ചു. നാട്ടിലേക്ക് തിരിച്ച് പോയി. പ്രവാസി മലയാളികളെ കണ്ണുനിർ അണിയിച്ച നോവലാണ് അടുജീവിചതം . ആ ദൈവദൂദൻ ആര് എന്ന ഒരു ? കഥാക്രത്ത് ഉള്ളിൽ തന്നെ നിർത്തുന്നു.യാഥാർത്ഥ്യത്തെകഥയായി അവതരിപ്പിച്ചിരിക്കാണ് ബെന്യമിൻ.

# വിശ്വമഹാകവി   കാളിദാസൻ

അശ്വൻ ബൈജു  10 B



അതേ,ഇന്ത്യയിലെ ഏറ്റവും മഹാനായ കവി കാളിദാസൻ തന്നെയാണ്, അതൊരു സംശയം കൂടാതെ നമുക്ക് പറയാൻ സാധിക്കും, ഋതുസംഹാരം, മേഘസന്ദേശം, രഘുവംശം ,കുമാരസംഭവം ,മാളവികാഗ്നിമിത്രം ,വിക്രമോർവശിയം,അഭിജ്ഞാനശാകുന്തളം



ഇത്രമാത്രമേ ഉള്ളു എങ്കിലെന്താ...? വലുപ്പത്തിലല്ല,ഗുണത്തിലാണ് കാര്യം എന്നതുപോലെ കാളിദാസന്റെ ഓരോരോ കൃതയിലും അതിമനോഹരമായ ഉള്ളടക്കമാണുള്ളത്. ഇവിടെ കാളിദാസൻ വലുപ്പം നോക്കുന്നില്ല ഗുണമാണ് നോക്കുന്നത്,അതിനാൽ തന്നെ നമുക്ക് പറയാൻ കഴിയുന്നു.കാളിദാസൻ തന്നെയാണ് ഇന്ത്യയിലെ ഏറ്റവും വലിയ കവി.അതിനു മറുവാക്കില്ല.

സംസ്കൃതഭാഷയ്ക്ക് കാളിദാസൻ നൽകിയ സംഭാവനകൾ മൂലം അദ്ദേഹത്തെ ഇന്ത്യൻ ഷേക്സ്പിയർ എന്നു വിശേഷിപ്പിക്കാറുണ്ട്.  പണ്ഡിത-പാമര ഭേദമില്ലാതെ ആർക്കും ആസ്വദിക്കാവുന്നവയാണ് കാളിദാസകൃതികൾ. തത്ത്വവിചാരങ്ങൾക്കും, ശാസനകൾക്കുമപ്പുറം കവിയുടെ ഭാവനാവിലാസമാണ് അവയിൽ കാണാൻ കഴിയുക. തനിക്കു ദേശാടനത്തിലൂടെയും ലോകനിരീക്ഷണത്തിലൂടെയും ലഭിച്ച അറിവാണ് കവി തന്റെ കൃതികളിൽ ഉപയോഗിച്ചിരിക്കുന്നതെന്നാണ് നിരൂപകരുടെ അഭിപ്രായം. കാളിദാസകൃതികൾ മുഴുവനും തന്നെ വർണ്ണനകളാൽ നിറഞ്ഞിരിക്കുന്നു. പ്രധാനമായും കവി വർണ്ണനക്കുപയോഗിക്കുന്നത്. "ഉപമാ കാളിദാസസ്യ" എന്നാണല്ലോ പുരാതന കാലം മുതലേ പറഞ്ഞു വരുന്നത്. വിവിധ തരത്തിലുള്ള ഉപമാന ഉപമേയങ്ങൾ കൊണ്ട് തന്റെ കൃതികളെ വളരെ ഉയർന്ന ഒരു തലത്തിലേക്കുയർത്താൻ കവിക്കു കഴിയുന്നുണ്ടെന്നതാണ് വലിയ സവിശേഷത.

# ഞാൻ കണ്ട ചാക്യാർ കൂത്ത് (അനുഭവക്കുറിപ്പ്)

**അമൃത 8 A**



അമ്പലത്തിലെ ഉത്സവത്തിന് ഉത്സവം കൊടിയേറുന്നതിനും ഒരുപാട് മുമ്പ് തൊട്ട് ഒരുങ്ങുന്നതാണ് ഞങ്ങൾ. ഉത്സവക്കമ്മറ്റിക്കാരനാണ് ഉത്സവത്തിന് വേണ്ടികൂടുതൽ ഒരുങ്ങുന്നത്. പക്ഷെ ഞങ്ങൾ നാട്ടുകാർ മനസുകൊണ്ട് ഉത്സവത്തിന് നേരത്തെ ഒരുങ്ങിക്കഴിഞ്ഞ്. കാരണം ആകൂട്ടായാമയിൽ ഞങ്ങൾ ജാതിയും മതവും വേർത്തിരിക്കുന്നില്ല. അവിടെ സ്റ്റേജിൽ പ്രതിക്ഷപ്പെടുന്നത് വെറും ഒരു കലാരൂപമോ അല്ലങ്കിൽ ആ സമുദായക്കാർ മാത്രം അല്വദിക്കാനുന്ന കലാരൂപമോ അല്ല ആ കലാരൂപത്തെ ഞങ്ങൾ നെഞ്ചോടു ചേർത്തിരുന്നു.

എന്നെക്കൂടുതൽ മാത്രകൾക്കും കലാരൂപങ്ങൾ കാണിക്കുവാനും കൊണ്ടുപോകുന്നത് ഉപ്പയാണ്. ഉപ്പഅമ്പലത്തിലെ ഉത്സവത്തിന് ഉത്സവം കൊടിയേറുന്നതിനും ഒരുപാട് മുമ്പ് തൊട്ട് ഒരുങ്ങുന്നതാണ് ഞങ്ങൾ. ഉത്സവക്കമ്മറ്റിക്കാരനാണ് ഉത്സവത്തിന് വേണ്ടികൂടുതൽ ഒരുങ്ങുന്നത്. പക്ഷെ ഞങ്ങൾ നാട്ടുകാർ മനസുകൊണ്ട് ഉത്സവത്തിന് നേരത്തെ ഒരുങ്ങിക്കഴിഞ്ഞ്. കാരണം ആകൂട്ടായാമയിൽ ഞങ്ങൾ ജാതിയും മതവുംയെന്നാൽ വാപ്പിച്ചിയുടെ സഹോദരൻ ഞാൻ അങ്ങനെ വിളിച്ചാണ് ലിച്ചത്. ഈറൻ മഞ്ഞുപോലെ താണുപ്പുള്ളതും പഞ്ചസാര പോലെ മധുരമുള്ളതുമായിരുന്നു എൻെറ ബാല്യം .അപ്പോൾ ഞാൻനെൻെറ ഉപ്പാടെ ഒപ്പം ചാക്യാർകൂത്ത് കാണാൻ അമ്പലത്തിൽ പോയി. കണ്ണുകളുടെ ചാഞ്ചാട്ടവും മുഖത്തിൽ ഭാവം പ്രകാശിക്കുന്നതും ചുണ്ടുകളിൽ കലയുടെ ഐശ്വര്യം പ്രകാശിക്കുന്നതും തമാശയുള്ളതും ,അകമൈനം കലയോട് താൽപര്യം ഉള്ള ഒരു കലാരൂപമായിരുന്നു ഞാൻ കണ്ടത്, ഒരു നല്ല ചാക്യാർകൂത്ത്. ചാക്യാർ അതി മനോഹരമായി തമാശപറയുന്നുണ്ട്. എനിക്ക് ചെറുപ്പമായതുകൊണ്ടാകാം ഒന്നും മനസ്സിലാകാതിരുന്നത്.

അവിടെയട്ടിരിക്കുന്ന മുൻവരിയിലെ കസാരയിൽ ഞാനിരുന്നു.തൊട്ടിപ്പറത്തുപ്പായും. വേകന്ന് തന്നെ മിന്നലുപോലെ ചാക്യാരുടെ മുഖവും എൻെറ നേരേക്ക് തിരിഞ്ഞു. "എന്താ കുട്ടി താനിങ്ങനെ ഒരന്തവുമില്ല കുന്തവുമില്ല എന്ന മട്ടിൽ ഇര്ക്കുന്നത് "എന്ന ചാക്യാരുടെ ചോദ്യത്തിന് ഞാൻ പുളി തിന്നതു പോലെ



ചമ്മിത്തലതാഴ്ത്ത്. അപ്പോഴാണ് ഞാൻ ശ്രദ്ധിക്കുന്നത് രാത്രി നക്ഷത്രങ്ങളെപ്പോലെ എണ്ണമുള്ളതും തിരക്കുള്ളതുമായ ആ സ്ഥലത്ത് മുൻവരിയിലെ കസേരകൾ ഒഴിഞ്ഞുകിടക്കുന്നു. അവർ ചിലപ്പോൾ ചാക്യാരുടെ പരിഹാസം ഭയന്ന് കസേരയിൽ ഇരിക്കാത്തതാവാം. എന്തൊയാലും ഞാനും ഉപ്പായും അവിടെ നിന്ന് എഴുന്നേൽക്കാൻ തയ്യാറായില്ല. ചാക്യാരുടെ തമാശകൾക്ക് നാരങ്ങാമൊട്ടായി വായിലിട്ടുകൊണ്ട് ഞാൻ ഒന്ന് ചിരിച്ചു എൻെറിപ്പറത്തുകൂടി ചോക്കോ ബാർ കയ്യിൽ പിടിച്ചുകൊണ്ട് ഏതാണ്ട്എവറസ്റ്റ് കീഴടക്കിയ മട്ടിൽ ഒരു കുട്ടി പോകുന്നു. ഞാനെന്തായാലും മടിച്ചില്ല, അന്നക്കെട്ട് തുറന്ന് വിട്ടമട്ടിൽ ഒരൊറ്റക്കരച്ചിൽ. അങ്ങനെ വായിൽക്കിടന്ന നാരങ്ങമൊട്ടായി നിലത്തുവീണു അണ്ടിപോയ അണ്ണാനെപ്പോലെ ഞാനവിടെയിരുന്നു കരഞ്ഞു ആരും ശ്രദ്ധിക്കാതെ കുറച്ചു നേരം കഴിഞ്ഞപ്പോഴേക്കും തന്നെ ആ കരച്ചിൽ നിന്നു. ചാക്യാർ ഗംഭീരമായിരുന്നു. മിഴാവ് കൊട്ടുന്നതും അതും ഒന്നു കാണേണ്ട കാഴ്ച്ചയായിരുന്നു.

അതുകഴിഞ്ഞ് എൻെറയടുത്ത സംശയം ചാക്യാർ മേക്കപ്പ് തൂത്ത് കളഞ്ഞാൽ എന്നെപ്പോലെ ഇത്തിരി ഗ്ലാമറുള്ള കൂട്ടത്തിലായിരിക്കുമോ എന്നതായിരുന്നു. ഞാനീ ചോദ്യം ഉപ്പാനോട് ചോദിച്ചു. ഉപ്പ എന്നെ നോക്കി ഒന്നു ചിരിച്ചു. ചാക്യാരെ ശെരിക്കനും ഞാനൊരസാധാരണ മനുഷനായി കണ്ടിരുന്നു. കുറച്ചു നാൾ കഴിഞ്ഞപ്പോഴാണ് ചാക്യാരും മനുഷ്യനാണെന്ന് എനിക്ക് മനസ്സിലായത്. ചാക്യാർ കൂത്തവസാനിച്ച് കഴിഞ്ഞ് എല്ലാവരും കസേരയിൽ നിന്നെഴുനേറ്റു. എനിക്കുറക്കം വരുന്നുണ്ടായിരുന്നു. എന്നാലും എന്നെ പെട്ടിക്കടയിൽ കൊണ്ടുപോയി കുപ്പിവളയും കൺമഷിയും കൈവിട്ടാൽ പറക്കുന്ന ബലൂണും വാങ്ങിതന്നു ഉപ്പ അവസാനം കരഞ്ഞുകലങ്ങിയ കണ്ണിൽ വെളിച്ചം നിറച്ച് ആസങ്കടം ആവാഹിച്ച് കളയാനായി ഉപ്പ എനിക്കൊരു ചോക്കോ ബാർ വാങ്ങിതന്നു. അപ്പോൾ എൻെറമനസ്സ്പ്രകാശിച്ചു.ശെരിക്കുംഎന്റെമനസ്സ് പ്രകാശിക്കുന്നതിലും കൂടുതൽ ഉപ്പാടെ മനസ്സ് പ്രകാശിച്ചു.

അവസാനം ഉപ്പ എനിക്ക് ഏറ്റവും മധുരമുള്ള സമ്മാനം നൽകി. എൻെറ കവിളത്തൊരുമ്മ. ഒരു ചക്കര ഉമ്മ ഞാൻ ഉപ്പാടെ കവിളത്തും കൊടുത്തു. അവിടെ വച്ച് എനിക്ക് കിട്ടിയ ഏറ്റവും വലിയ സമ്മാനവും അതായിരുന്നു. ചാക്യാരുടെ മുഖം ഉറങ്ങുമ്പളും മനസ്സിൽ നിന്ന് മാഞ്ഞിട്ടില്ല.

കുറെ നാളുകൾക്ക് ശേഷം ഞാനിത് എൻെറ കൂട്ടുകാരിയോട് പറഞ്ഞപ്പോൾ ഞാൻ എൻെറ ബാല്യം ശെരക്കനും നഷ്ടപ്പെടുന്നുണ്ടായിരുന്നു. ഏറ്റവും കൂടുതൽ ഞാൻ ദുഃഖം അനുഭവിക്കുന്നകാര്യം എന്തെന്നാൽ എൻെറ ഉപ്പ എൻെറടുത്തില്ല എന്നതാണ്. യാത്രകൾ കൊണ്ടുപോവാനും കലാരൂപങ്ങൾ കാണിവാനും മധുരമുള്ള സമ്മാനങ്ങൾ നൽകാനും എന്നോടൊപ്പം ഉപ്പയിലല്ല. അതാണ് എൻെഏറ്റവും വലിയ നഷ്ടം.



# കാർഷികക്ലബ്



കാർഷിക ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 120 തോളം ഗ്രോബാഗുകളിൽ വിവിധ പച്ചക്കറിയിനങ്ങൾ കൃഷി ചെയ്യുന്നു. ക്യാബേജ് കോളിഫ്ലവർ,വെണ്ട,വഴുതന,ചീര,പച്ചമുളക് തുടങ്ങിയ പച്ചക്കറിയിനങ്ങൾ കൃഷി ചെയ്യുന്നു. ഇതിൽ നിന്ന് ലഭിക്കുന്ന പച്ചക്കറികൾ സ്കൂളിന്റെ ഉച്ചഭക്ഷണ പരിപാടിയ്ക്കായി വിനിയോഗിക്കുന്നു



കാർഷിക ക്വിസ്സ്,കാർഷിക പഠനക്ലാസ് ,പച്ചക്കറി വിത്ത് വിതരണം എന്നിവയും കാർഷിക ക്ലബ്ബിന്റെ അഭിമുഖ്യത്തിൽ നടത്തി. അധ്യാപകനായ N.സുധീർ ക്ലബ്ബിന് നേതൃത്വം നൽകുന്നു .വിദ്യാർത്ഥികളായ എൽദോസ് ബോസ്, ബേസിൽ ജോസഫ് ബിജു, അമിത രാജു , നന്ദന , തോമസ് സാം എന്നിവർ നേതൃത്വം നൽകുന്നു



# ദർപ്പണം

അപർണ .എസ് 9 C



അശ്വരഥമെന്നപോൽ
അതിവേഗത്തിൽ
പായുന്നൊരീലോകമിന്നത്തേത്
അരുമറിയുന്നില്ലെന്തെന്നുചുറ്റമേ
ദാഹിക്കുന്നുണ്ടവരെന്തിനായി
പാരവർ-കൈക്കുള്ളിലാക്കുവാനൊക്കെയും
മാർഗങ്ങളൊത്തിരി വന്നുമുന്നിൽ
ഏക വിരൽ സ്പർശം കൊണ്ടൊതുക്കി അവൻ
അധ്വാനമെന്നൊരു സമ്പത്തിനെ

കാതുകളില്ലാ നിലവിളികൽ എങ്ങോ
മങ്ങി മങ്ങിമുഴങ്ങി തീർന്നു
ഈശ്വരാ...നിന്നിൽ നിന്നേറെ അകലെയാണി-
ന്നത്തെ മനുഷ്യരെന്ന സത്യം
ദർപ്പണത്തിൻ മുന്നിലായിരം ചോദ്യങ്ങൾ
ക്കൊരൊറ്റ കുറ്റവാളിയെന്നപോലെ
എന്തുകൊണ്ടെന്തുകൊണ്ടന്തുകൊണ്ടവനൊന്നും
ഉത്തരമില്ലാതൊരുമയായി
ഉത്തരമില്ലാ പ്രശ്നങ്ങൾക്കു മുന്നിലാ...
മേചക വാതിൽ തുറക്കയായി...



# ഹരിതവർണ്ണങ്ങൾ

അപർണ്ണ 9 C



കിളികളുടെ കളകള ശബ്ദം കേട്ടാണ് ഞാൻ ഉണർന്നത്. എന്തൊരു ചിലമ്പൽ.ജനാല തുറന്ന് നോക്കി. ഹാവു! ഒരു കൂട്ടം കരിയിലക്കിളികൾ. അവ തൊടിനിറയെ ഉണ്ട്. പരസ്പരം കൊക്കുരുമ്മി, ശണ്ഠ കൂടി. അവ ഭക്ഷണത്തിന് പരതുകയാണ്.

കരിയിലയുടെ നിറം ശരീരത്തിന്, മഞ്ഞനിറമുള്ള ചുണ്ടും കാലും. എന്തു ഭംഗി കാണാൻ. കരിയിലക്കൂട്ടത്തിൽ ഇരുന്നാൽ അവയെ തിരിച്ചറിയുകയേയില്ല.

അതാ വരുന്നു അടുത്ത മറ്റൊരു കൂട്ടർ. പരിസരശുചീകരണക്കാർ. മറ്റാരുമല്ല കറുത്തിരുണ്ട കാക്കകൾ. അവയും തീറ്റ തേടി വന്നതാണ്. കലപിലകൂട്ടി, "ക്രാ" "ക്രാ" കരഞ്ഞ് പരിസരത്തെ വറ്റും മറ്റും തിന്ന് തീർക്കുന്നു.

തൊടിയിലേക്കിറങ്ങി നോക്കിയപ്പോൾ അമ്മ നട്ട ചീര മുഴവനും കിളിർത്ത് നിൽക്കുന്നു. ചേന നട്ടത് കുട വിരിക്കാൻ തുടങ്ങി. കാച്ചിൽ വള്ളിയായി മാവിൽ പടർന്നു കയറുന്നു. മാവ് നിറയെ പച്ചമാങ്ങകൾ, അവ കാറ്റിലാടി രസിക്കുന്നത് കാണാൻ എന്ത് ഭംഗി !ആകെക്കൂടെ ഒരു പച്ചപ്പ് !



മുറ്റത്തെ പൂന്തോട്ടത്തിൽ നോക്കൂ: റോസാച്ചെടി നിറയെ ചുവന്ന റോസാപ്പൂക്കൾ. എന്തൊരു ഭംഗി. ചുവപ്പുനിറത്തിലുള്ള ഇതളുകളിൽ തലേദിവസത്തെ തുഷാരബിന്ദുക്കൾ. ഹായ് ! എന്തൊരു ചുവപ്പു നിറം. നല്ല സുഗന്ധം. തൊട്ടടുത്തു തന്നെ തലയുയർത്തി കാറ്റിലാടുന്ന ജമന്തിപ്പൂക്കൾ. പുതുതായി നാലഞ്ചെണ്ണം വിരിഞ്ഞിട്ടുണ്ട്. അവയുടെ ഇളം മഞ്ഞ നിറം കാണാൻ നല്ല രസം. നല്ല സുഗന്ധവും ഉണ്ട്. മുല്ല പൂക്കാൻ തുടങ്ങി. അകലെ നിന്നേ നല്ല മണം അറിയാം. വെള്ളനിറത്തിലുള്ള പൂക്കളുടെ വെണ്മ കാണേണ്ടത് തന്നെ. അതാ ഹൈഡ്രാഞ്ചിയ കുലകുലയായ വയലറ്റ് പൂക്കൾ.

മണമില്ലെങ്കിലും കാണാൻ ഭംഗിയുണ്ട്. കുറെനാൾ കഴിയുമ്പോൾ അവയുടെ നിറം മാറുമത്രെ.

എൻെറ ഈ കൊച്ചു പൂന്തോട്ടത്തിൽ എല്ലാ നിറത്തിലുമുള്ള ചെമ്പരത്തിയുമുണ്ട്. എന്തൊരു ഭംഗിയാണ് പൂക്കൾ കാറ്റിലാടുന്നത് കാണാൻ.

അതാ മൂളുന്ന പാട്ടുകൾ എത്തി. പൂവങ്ങാട്ട് വിടർന്നതേയുള്ളൂ. കരിവണ്ടുകൾ വട്ടമിട്ട് പറക്കികയാണ്. പൂവിൽ ചെന്ന് തേൻ കുടിക്കുമ്പോൾ അവയുടെ കനത്താൽ പൂവ് ചാഞ്ഞു പോകുന്നു. തേൻ കുടിക്കാൻ മറ്റൊരു പൂവുപോലെ പൂമ്പാറ്റകളും എത്തി. എന്തൊരു ഭംഗിയാണ് അവയെക്കാണാൻ! എല്ലാ പൂക്കളുടെയും നിറം ചേർത്ത് ചാരുതയോടെ തുന്നിപ്പിടിപ്പിച്ച ബഹുവർണ്ണക്കുപ്പായം!



അതാ കിഴക്ക് വലിയ കുങ്കുമപ്പൊട്ട്. കത്തി ജ്വലിച്ചുനിൽക്കുന്നു. നോക്കാൻ പറ്റുന്നില്ല. അത്രയക്കുണ്ട് പ്രകാശം. തെളിമാർന്ന വാനം. വെള്ള മേഘങ്ങൾ ആട്ടിൻകുഞ്ഞുങ്ങളെപ്പോലെ. വലിയ പഞ്ഞിക്കെട്ടുപ്പോലെ ആകാശത്ത് ഒഴുകി നടക്കുന്നു.

ആകാശത്തിൻെറ നീലിമ. എന്തൊരു സൗന്ദര്യം. സ്രഷ്ടാവിൻെറ കൈകൾ എത്ര ചാരുതയോടെയാണ് ഇവയെല്ലാം കോർത്തിണക്കിയിരിക്കുന്നത്.എത്ര നയാനാന്ദകരമായ കാഴ്ച്ചകളാണ് ഈ ഭൂമുഖത്ത് !

# ***Kerala***

# ***that we should know***

JOYAL THOMAS 9 A

| | | |
|---|---|---|
| Capital | : | Thiruvanthapuram |
| Area | : | 38,863 km |
| Peoples(2011) | : | 3,18,38,619 |
| Population Density | : | 819 Km |
| Bank of kerala | : | 580 Km |
| District | : | 14 |
| Corporation | : | 14 |
| Muncipality | : | 87 |
| Block panchayath | : | 152 |
| Taluk | : | 75 |
| Village | : | 1453 |
| Loka Sabha Assembles | : | 20 |
| Rajya sabha seats | : | 9 |
| District panchayath | : | 14 |
| Airport | : | 4 |
| Railway stations | : | 193 |
| Rivers | : | 44 |
| Dams | : | 30 |
| High court | : | Kochi |
| Culture capital | : | Thrissur |
| University | : | 7 |
| Forest | : | 27,850Hector |
| Radio station | : | 7 |

| | | |
|---|---|---|
| High ways | : | 9 |
| Windmill electricity station | : | 1 |
| Port | : | 19 |
| Post offices | : | 5082 |



# NATURE

ആൻമരിയ ബാവ

Nature , oh lovely nature

You, are my mother...
Fruit bearing plants-trees
Lovely waterfalls, and
Lakes are the
Resources of nature.....


Oceans are ferocious....
They are in dark blue colour....
But seem to be awesome....
One of the wonders of nature....

Rainy night and day are days are splendid...
Mountain tops give birth to rives.....
Hills create the vally of evergreen
And all the living thing
And indebeted to nature....
My mother



# തരുമോ ഞങ്ങൾക്ക് ആ പഴയ ഭൂമി

നന്ദന രമേശ്
7 A



കാമുക കാമുകി ദമ്പതികളുടെ സ്നേഹം പോലെയാണ് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം" സയൻസ് ക്ലാസിൽ കേട്ടതോർത്ത് ഇരിക്കുകയാണ് മനു. മനുവിന്റെ വീട് സിറ്റിയിലാണ്. പുകതുപ്പുന്ന വണ്ടികളും കാറ്റില്ലാത്ത വീടും മണലില്ലാത്ത മുറ്റവും കണ്ട് അവൻ മടുത്തു .ഇടയ്ക്കെങ്കിലും അവന് സന്തോഷം പകരുന്നത് അമ്മയുടെ തെക്കെകുന്ന് എന്ന് ഗ്രാമമാണ്. ഓണത്തിന് അവധിയ്ക്ക് അവൻ അവിടെ പോകാറുണ്ട്. "ഓ നാളെ  അമ്മവീട്ടിൽ പോകാമല്ലൊ". എന്ന ചിന്ത മാത്രമേ അവനുള്ളു "മോനെ അവിടെ ചെന്നാൽ മരത്തേകേറി നടക്കരുത്.  കാടും പള്ളയും താണ്ടി വല്ല അസുഖവും ബാധിച്  ഇങ്ങട് വരണ്ടാ". അമ്മപറഞ്ഞു. "ശരി ഞാൻ ഉറങ്ങുകയാട്ടോ അമ്മേ". അന്നാ രാത്രി മുഴുവൻ ഈ ചിന്തയെ ഉണ്ടായിരുന്നുള്ളു. അന്ന് അവൻ തന്റെ ചക്കരമാവിനെയും,ചക്കികോഴിയെയും തക്കു തത്തെയും ഒകെ സ്വപ്നം കണ്ട് അവൻ ഉറങ്ങി അതിരാവിലെ അവനെ കൂട്ടാൻ അമ്മാവൻ വന്നു. അവൻ നാടിന്റെ വിശേഷങ്ങൾ ചോദിച്ച് അവിടെയെത്തി.അവിടെനിന്ന് കുറച്ച് നടക്കണം നാട്ടിലേക്ക് കാടാണ്. അവൻ എല്ലാതിനെയും  തൊട്ടും തലോടി വീട്ടിലെത്തി .അവൻ എത്തിയപാടെ തെക്കെ തൊടിയിലോട്ടോടി കുളത്തിലിറങ്ങി മീനെ പിടിച്ചും . ചക്കിയുടെയും തക്കുവും അവനെ കണ്ടപാടെ ഓടിഅരികിലെത്തി. ഉടുപ്പുമാറി അവൻ കുളിച്ച് .കുറിതൊട്ട് പ്രാതലും കഴിച്ച് കൂട്ടുകാരോടൊപ്പം അങ്ങിറങ്ങി. തൊടിയും കാടും മലയും പൂവും പുല്ലും തോടും പാടവും കിളികളും കാനാലും ഒക്കെ അവന്റെ കൂട്ടുകാരായി. ദിവസം അവസാനാമായി. തൊടിയിൽ നിന്നവൻ വീട്ടിലേക്ക് കേറി. നഗരത്തിൽ കിടക്കുന്ന അവന് അതൊരാശ്വാസമായി അമ്പിളിമാമനോട് കിന്നാരം ചൊല്ലി അവർ ആ രാത്രി ഉറങ്ങി. ദിവസങ്ങൾ  കഴിഞ്ഞു നാളെ തിരിച്ച പോണം. ഓണം അവിടെ ആഘോഷിക്കാമെന്ന് അമ്മ പറഞ്ഞു. പക്ഷെ അവന് അവിടെ തീരെ ഇഷ്ടമല്ല കടയിൽ നിന്ന് ഓഡർ ചെയുന്ന പൂക്കളും സദ്യയും അടച്ചപൂട്ടിയ വിട്ടിനുള്ളിൽ ഓർക്കമ്പോഴെ ഇഷ്ടമല്ല അവൻ അമ്മയോട് പറഞ്ഞു. സാരമില്ല. മോൻ പോ അമ്മപറഞ്ഞു അവൻ അന്ന് എല്ലാത്തിനോടും യാത്ര പറഞ്ഞിറങ്ങി. ടൗണിൽ ചെന്ന അവന് എല്ലാം


www.shutterstock.com · 149186870

